## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 810   09.08.2017-ന് മറുപടിയ്ക്ക്

## ചാലിയത്ത് ഫിഷ് ലാന്റിങ് സെന്ററിന് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ | | ശ്രീ. കെ. രാജു (ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ചാലിയത്ത് ഫിഷ് ലാന്റിങ് സെന്ററിനു വേണ്ടി വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രയ്ക്ക് വിട്ടുനൽകുന്നതിനായി എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | കോഴിക്കോട് ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനു വേണ്ടി 2.0639 ഹെക്ടർ റിസർവ്വ് വനഭൂമി വിട്ടു കിട്ടുന്നതിനു വേണ്ടി KINFRA സമർപ്പിച്ച അപേക്ഷ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന വകുപ്പിന് ശുപാർശ സഹിതം സമർപ്പിക്കുകയും കേന്ദ്ര സർക്കാരിൽ നിന്നും 25.10.2011 ലെ 4 - KLB 781/2011-BAN/9985 നമ്പർ പ്രകാരം സ്റ്റേജ് - 1 അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി അനുമതിയുടെ കാലാവധി 25.10.2016 ൽ അവസാനിച്ചതിനാൽ സ്റ്റേജ് - 1 അനുമതിയുടെ കാലാവധി 2 വർഷം കൂടെ നീട്ടി നൽകണമെന്ന് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന വകുപ്പിന് വീണ്ടും അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേജ് -1 അനുമതിയുടെ കാലാവധി 25.10.2016 തീയതി മുതൽ 2 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് 29.05.2017 ൽ കേന്ദ്ര സർക്കാർ ഉത്തരവായിട്ടുള്ളതാണ്.<br>സ്റ്റേജ് -1 അനുമതിയിലെ നിബന്ധനകളിൽ ഒന്നായ പരിഹാര വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കാൻ KINFRA ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ എത്രയും പെട്ടെന്ന് തീരുമാനം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | യൂസർ ഏജൻസി മേൽ സ്റ്റേജ് -1 അനുമതിയിലെ വ്യവസ്ഥകൾ പാലിക്കുന്ന മുറക്ക് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അന്തിമ അംഗീകാരത്തിനായി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ